നം.ബി 2/4500/ 2010/ഡി.എം.ഇ

**കേരള സർക്കാർ**

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
തിരുവനന്തപുരം
തീയതി 03-05-2010

## വിജ്ഞാപനം

2010..ലെ മെഡിക്കൽ പി.ജി. കോഴ്സുകളുടെ സംവരണ വിഭാഗങ്ങൾക്കായി മാററിവച്ചിട്ടുള്ള സീററുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിൽ വച്ച് **2010 മേയ് മാസം 11 ാം തീയതി രാവിലെ 10.00 മണിക്ക്** നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് പ്രവേശന പരീക്ഷാ കമ്മീക്ഷണറുടെ റാങ്ക് ലിസ്റ്റിൽപ്പെട്ട SEBC, PH, Ex-service എന്നീ വിഭാഗങ്ങളിലുള്ള റാങ്ക് **നമ്പർ 1 മുതൽ 750** വരെയുള്ള വിദ്യാർഥികളും SC/ST വിഭാഗങ്ങളിൽപ്പെട്ട റാങ്ക് ലിസ്റ്റിലുള്ള എല്ലാപേരും ഈ ദിവസത്തെ കൗൺസിലിംഗിൽ ഹാജരാകേണ്ടതാണ്. കൗൺസലിംഗിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾ, **"www.dme.kerala.gov.in"** എന്ന വെബ് സൈററിൽ നിന്നും ഓപ്ഷൻ ഫാറത്തിന്റെ നിർദ്ദിഷ്ട രൂപം ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്. തങ്ങൾ തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്ന വിഷയവും കോളേജും പ്രസ്തുത ഫാറത്തിൽ അലോട്ട്മെന്റ് സമയത്ത് രേഖപ്പെടുത്തി നൽകേണ്ടതാണ്.

പ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിലും, സീറ്റുകളുടെ ലഭ്യത അനുസരിച്ചും അഡ്മിഷൻ ലഭിക്കുന്നതാണ്. പങ്കെടുക്കേണ്ട നേരിട്ടോ, അധികാരപ്പെടുത്തിയ വ്യക്തി മുഖേനയോ ഇന്റർവ്യൂവിന് ഹാജരാകാം. അധികാരപ്പെടുത്തിയ വ്യക്തി മുഖേന ഹാജരാകുന്നവർ അതിലേയ്ക്കായി പ്രോസ്പെക്ടസ്സിൽ പറഞ്ഞിട്ടുള്ള അധികാരപത്രം പൂരിപ്പിച്ച് നൽകേണ്ടതാണ്. അപേക്ഷകർ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡും സർട്ടിഫിക്കറ്റുകളുടെ അസ്സലും ഹാജരാക്കേണ്ടതാണ്. ആൾ ഇൻഡ്യ ക്വാട്ടയിൽ ഇതിനോടകം തന്നെ അഡ്മിഷൻ ലഭിച്ച വിദ്യാർഥികൾ, അസ്സൽ സർട്ടിഫിക്കറ്റുകൾക്ക് പകരമായി, തങ്ങൾക്ക് ലഭിച്ച അഡ്മിഷന്റെ രേഖകൾ ഹാജരാക്കിയാൽ മതിയാകും. **മേയ് മാസം 11 ാം തീയതി** യോടടുത്ത് ആൾ ഇൻഡ്യ ക്വാട്ട രണ്ടാം ഘട്ട കൗൺസിലിംഗിൽ പങ്കെടുക്കേണ്ട വിദ്യാർഥികൾ, അസ്സൽ സർട്ടിഫിക്കറ്റുകൾക്ക് പകരമായി, തങ്ങൾക്ക് ആ ദിവസങ്ങളിൽ ആൾ ഇൻഡ്യ കൗൺസിലിംഗ് ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയാൽ മതി.

വിശദ വിവരങ്ങൾക്ക് **"www.dme.kerala.gov.in"** എന്ന വെബ് സൈററ് കാണുക.

*ഒപ്പ്*
*ഡയറക്ടർക്കുവേണ്ടി*

പകർപ്പ് :-

1) ഡയറക്ടർ, പബ്ളിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം